പതിമൂന്നാം കേരള നിയമ സഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 626

8.3.2012 ൽ മറുപടിക്ക്

സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) രോഗികൾക്ക് ആവശ്യത്തിന് രക്തം കിട്ടാതിരിക്കുമ്പോഴും സംസ്ഥാനത്തെ രക്തബാങ്കുകൾ മാസംതോറും 1000 കുപ്പിയോളം രക്തം ഒഴുക്കി കളയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടില്ല. എന്നാൽ രക്തത്തിനും മറ്റു മരുന്നുകളെപോലെ എക്സ്പയറി പീരിയേഡ് ഉണ്ട്. ഒരു കുപ്പി രക്തത്തിന്റെ ലൈഫ് പീരിയേഡ് 35 ദിവസമാണ്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) നിലവിൽ സംസ്ഥാനത്ത് എത്ര രക്തബാങ്കുകൾ പ്രവർത്തിക്കുന്നു; സർക്കാർ മേഖല, സ്വകാര്യ മേഖല എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; | (സി) സർക്കാർ മേഖലയിൽ 34, സ്വകാര്യ മേഖലയിൽ 130, കോപ്പറേറ്റീവ് മേഖലയിൽ 7 എന്നിങ്ങനെ ആകെ 171 രക്തബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) ഇപ്രകാരം പ്രവർത്തിക്കുന്ന പല രക്തബാങ്കുകളിലും ഓരോ കുപ്പി രക്തത്തിനും വിവിധ തരത്തിലുള്ള വിലയാണ് ഈടാക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ മേഖലയിലുള്ള രക്തബാങ്കുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയാണ് ഈടാക്കുന്നത്. എന്നാൽ സ്വകാര്യ രക്തബാങ്കുകൾക്ക് ചെലവുൾപ്പെടെയുള്ള വില ഈടാക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ